# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6673

09.11.2016-ൽ മറുപടിക്ക്

## സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) എംപ്ലോയീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ ഉണ്ടായിരുന്നത് എടുത്ത് കളഞ്ഞിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) എംപ്ലോയീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് പൊതുവായി സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ നൽകിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| ബി) GO (MS) 75/60 Agri. dt. 8.10.1960 പ്രകാരമുള്ള ആനുകൂല്യം സഹകരണ വകുപ്പ് പറയുന്നുണ്ടെങ്കിലും ടാക്സസ് വകുപ്പ് ആയത് റദ്ദാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോ സഹകരണ നിയമം ഇപ്പോഴും ടി സംഘങ്ങൾക്ക് ബാധകമാണോ; വിശദ വിവരം നൽകുമോ; | ബി) 08.10.1960 ലെ G.O(Ms)795/60/അഗ്രി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ടാക്സസ് വകുപ്പ് റദ്ദാക്കിയിട്ടില്ല. |
| സി) കഴിഞ്ഞ യു.ഡി.എഫ് സർക്കാർ SRO No. 743/2012 dt. 20-10-2012 പ്രകാരം ഗവ.സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ T 732-നു മാത്രമായി സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | |
|---|---|
| ഡി) പ്രസ്തുത സാഹചര്യത്തിൽ പ്രസ്തുത എസ്.ആർ.ഒ -യുടെ അടിസ്ഥാനത്തിൽ മറ്റ് എംപ്ലോയീസ് സൊസൈറ്റികൾക്ക് കൂടി ടി ആനുകൂല്യം നൽകുമോ; എങ്കിൽ വിശദവിവരം നൽകുമോ;<br><br>ഇ) ഒരു എംപ്ലോയീസ് സൊസൈറ്റി -ക്ക് മാത്രം സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുകയും മറ്റുള്ളവയ്ക്ക് നൽകാതിരിക്കുകയും ചെയ്യുന്നത് വിവേചനമല്ലേ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) യും ഇ) യും കേരള മുദ്രപത്ര നിയമം വകുപ്പ് 9(1) പ്രകാരം സർക്കാരിന് പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ മാത്രം അപേക്ഷ വിശദമായി പരിശോധിച്ച് ഇളവ് അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**